**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2979** **13-10-2021 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലകളിൽ മതിയായ സ്ഥല സൗകര്യങ്ങൾ ഉള്ള പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി തുക നീക്കി വച്ചിട്ടുണ്ടോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണത്തിനായുള്ള അനുമതിക്കായി സർക്കാർ തലത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഒരു നാട്ടരങ്ങിന്, സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യ വൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവ പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. സർക്കാർ തലത്തിലാണ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നത്. നടപ്പ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് 26.07.2021ലെ സ.ഉ.(സാധാ)നം.276/2021/സാം.കാ.വ. നമ്പർ ഉത്തരവ് (അനുബന്ധം I ആയി ചേർക്കുന്നു) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത, പദ്ധതി നിർവഹണത്തിന് ആവശ്യമായ തുക, പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊപ്പസലുകൾ പരിശോധിച്ച് പദ്ധതി സ്ഥലങ്ങൾ നിർണ്ണയിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ".

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പ് - നാട്ടരങ്ങ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.276/2021/സാം.കാ.വ തീയതി,തിരുവനന്തപുരം, 26/07/2021

---

പരാമർശം:-

1. സ.ഉ.(സാധാ)നം.388/2018/സാം.കാ.വ തീയതി 11.06.2018
2. സ.ഉ.(സാധാ)നം.68/2019/സാം.കാ.വ. തീയതി 15.02.2019
3. സ.ഉ.(സാധാ)നം.272/2019/സാം.കാ.വ തീയതി 01.07.2019
4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 21.06.2021-ലെ പി4 -3611/2017/സാം.വ നമ്പർ കത്ത്.
5. 01.07.2021-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന ഒരു നൂതന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബെഞ്ചുകൾ, എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും ഉൾപ്പെടുന്നവയും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഒരു നാട്ടരങ്ങിന്റെ നിർമ്മാണത്തിന് ആകെ 10.00 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പ്രാദേശിക ആവശ്യ പ്രകാരം കൂടുതൽ സൗകര്യങ്ങൾ നാട്ടരങ്ങിൽ ഏർപ്പെടുത്തണമെങ്കിൽ ആയതിനുള്ള തുക എം.പിമാർ, എം.എൽ.എ മാർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന /ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്തി ഉപയോഗിക്കുന്നതിനും പരാമർശം (2) പ്രകാരം അനുവാദം നൽകിയിരുന്നു.

ഗതാഗതത്തിന് തടസ്സമുണ്ടാക്കാത്തവിധം ആവശ്യത്തിന് സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതു

സ്ഥലങ്ങളോ ലഭ്യമാണെങ്കിൽ ആയത് അതാത് വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭ്യമാക്കി പദ്ധതിക്കായി ഉപയോഗിക്കുകയെന്നതാണ് നടപടിക്രമം. നാട്ടരങ്ങിന്റെ പരിപാലന ചുമതല ഏറ്റെടുക്കാമെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സമ്മത പത്രവും ആവശ്യമാണ്. പദ്ധതി ഭൂമിയുടെ ഉടമസ്ഥത അതാത് വകുപ്പുകളിൽ തന്നെ തുടരുന്നതാണ്. നിർദ്ദിഷ്ട നാട്ടരങ്ങുകളിൽ നിശ്ചിത ഇടവേളകളിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, സാഹിത്യ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവരുടേയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടേയും സഹകരണം ഉറപ്പാക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ക്ലസ്റ്ററുകളിൽ വിന്യസിച്ചിട്ടുള്ള വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ കലാപ്രകടനങ്ങൾക്കും 'നാട്ടരങ്ങ്' വേദിയാകുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയുടെ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകണമെന്നും പരാമർശം (4) കത്ത് പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനവിവരങ്ങൾ | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നാട്ടരങ്ങിന്റെ സ്റ്റേജ്, ഗ്രീൻ റൂം, ഗാർഡൻ ബഞ്ചുകൾ നിർമ്മിക്കുക തുടങ്ങിയ സിവിൽ പ്രവർത്തികൾക്ക് | 12 |
| 2 | ശില്പങ്ങൾ, റിലീഫ് വർക്കുകൾ, ചുവർ ചിത്രങ്ങൾ തുടങ്ങിയവ | 5 |
| 3 | മറ്റിനങ്ങൾ | 3 |
| | ആകെ | 20 |

പ്രസ്തുത പ്രൊപ്പോസൽ 01.07.2021ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പ്രകാരം ഒരു നാട്ടരങ്ങിന് 20.00 ലക്ഷം രൂപ ചെലവ് കണക്കാക്കി മേൽപട്ടിക പ്രകാരമുള്ള ഘടകങ്ങൾക്കായി വിനിയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം **2205-00-102-80 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40.00 ലക്ഷം രൂപ ഉപയോഗിച്ച് 2 നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന്** താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ

3. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E) കേരള തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസ - സി) വകുപ്പ്

ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി,ഫോർട്ട്, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. വകുപ്പ്

കരുതൽഫയൽ /ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ